(സി) ഇതുമൂലം മൃഗാശുപത്രി സമീപമില്ലാത്തവർക്ക് അവരുടെ കന്നുകാലികൾക്ക് രോഗം ബാധിക്കുന്ന പക്ഷം, ഡാക്ടർസഹായം ലഭിക്കാതെ നാശനഷ്ടങ്ങളുണ്ടാവുന്നതായി ഗവൺമെണ്ടിനറിയാമോ?

(ധനകാര്യവും റവന്യൂവും, വകുപ്പുമന്ത്രി) (ശ്രീ. എ. ജെ. ജോൺ): (എ) ഗവൺമെണ്ട് സപ്ലിസിലിരിക്കുന്ന മൃഗാശുപത്രി ഡാക്ടർമാർക്ക് പ്രൈവറ്റ് പ്രാക്ടീസ് നടത്താൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. അതു കൊച്ചിയിലേക്കും വ്യാപിച്ചിട്ടുണ്ട്.

(ബി) സപ്ലിസിലിരിക്കുന്ന ഡാക്ടർമാരുടെ ജോലിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് ഇങ്ങനെ നിയന്ത്രിച്ചിരിക്കുന്നത്. ഈ വ്യവസ്ഥ ചെയ്തിരിക്കുന്നതു തന്നെ വിദഗ്ധാഭിപ്രായമനുസരിച്ചാണ്.

(സി) ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. എ. താണുപിള്ള : മനുഷ്യരെ ചികിത്സിക്കുന്ന ഡാക്ടറന്മാർക്ക് പ്രൈവറ്റ് പ്രാക്ടീസ് അനുവദിച്ചിരിക്കുന്ന സ്ഥിതിക്ക് മൃഗങ്ങളെ ചികിത്സിക്കുന്ന ഡാക്ടറന്മാർക്ക അനുവദിക്കാതിരിക്കാൻ ഉണ്ടായ കാരണമെന്താണ്?

ശ്രീ. എ. ജെ. ജോൺ : മൃഗഡാക്ടറന്മാർക്ക് പ്രൈവറ്റ് ചികിത്സാ പാടില്ലെന്നാണ് വിദഗ്ധന്മാരുടെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള : ഇനിയെങ്കിലും ഈ ഒരു rule cancel ചെയ്യാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ : ഗവൺമെണ്ട് അതിനെപ്പറ്റി ആലോചിക്കുന്താണ്.

ശ്രീ. ഇട്ടീരഅയ്യക്കൻ : ആശുപത്രിയിൽ കൊണ്ടുപോകാൻ നിവൃത്തിയില്ലാത്ത വിധത്തിൽ ഉള്ള ഒരു രോഗം മൃഗത്തിനു വന്നാൽ ഡാക്ടറെ അങ്ങോ കൊണ്ടുപോകേണ്ടതായി വരും. അങ്ങനെയാണെങ്കിൽ അതൊരു പ്രൈവറ്റ് ചികിത്സ അല്ലയൊ?

ശ്രീ. എ. ജെ. ജോൺ : അതേപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഈ സംഗതിയിൽ ഒരു വിദഗ്ധാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അതിനു ശേഷമാണ് ഇങ്ങനെ നിയമം ഉണ്ടാക്കിയത്.

എറണാകുളം ആയുർവ്വേദാശുപത്രി

*നമ്പർ (൪൮) ശ്രീ. എ കെ. ശങ്കുണ്ണി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) എറണാകുളം ഗവൺമെണ്ട് ആയുർവ്വേദാശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കുവാൻ വേണ്ടത്ര സൌകര്യമില്ലെന്ന് കാണിച്ചു ഗവൺമെണ്ടിനു നിവേദനം കിട്ടിയിട്ടുണ്ടോ?

(ബി) പ്രസ്തുത ആശുപത്രി ഇട്ടിട്ടുള്ള കെട്ടിടത്തിൽതന്നെ മറ്റു പല ഗവൺമെണ്ട് ആഫീസുകളും നടത്തിവരുന്നതു ചികിത്സാർത്ഥം കിടക്കുന്ന രോഗികൾക്ക് ശല്യമാണെന്നറിയാമോ?

ധനകാര്യവും റവന്യൂവും മന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെണ്ടിനു് അങ്ങനെ ബോദ്ധ്യപ്പെട്ടിട്ടില്ല.

ശ്രീ. എ. കെ. ശങ്കുണ്ണി : കൊച്ചി സ്ത്രീകളുടെ ആസ്പത്രിയിൽ യാതൊരു വ്യവസ്ഥയും ഇല്ലാതെ പേ വാർഡും ഇല്ലാതെ ഇരിക്കുന്നതിനാൽ അവിടെ രോഗികളെ ചികിത്സിപ്പിക്കുന്നതിനു് വളരെ വൈഷമ്യം ഉണ്ടാകുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ : ആയുർവ്വേദാശുപത്രിയെ കുറിച്ചാണു് ചോദ്യം.

ശ്രീ. പി. കെ. ഡിവർ : ഇപ്പോൾ ആയുർവ്വേദാശുപത്രിയിൽ സബ് രജിസ്ട്രാർ ആഫീസു് ഇട്ടിരിക്കുന്ന കെട്ടിടത്തിലേക്കു് മാറണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഉണ്ടു്. പക്ഷെ അതിനു് സൌകര്യം ഇല്ലാത്തതുകൊണ്ടാണു് അങ്ങനെതന്നെ ഇട്ടിരിക്കുന്നതു്.

Sri. D. Gnanasigamoni: Sir, I may be allowed to put Question No. 42.

Mr. Speaker: Yes, you can put the question.

FIRST CLASS MAGISTRATE COURT AT NAGERCOIL

***324.** [42] **Sri. P. Thanulingom Nadar:** Will the Hon'ble the Chief Minister be pleased to state.—

(*a*) are the Government aware that the present building in which the First Class Magistrate Court at Nagercoil is accommodated is very inconvenient owing to want of light and air; and

(*b*) if so, whether any arrangements have been made to put up electric lights and fans?

Chief Minister **[Sri. T. K. Narayana Pillai]:** (*a*) So far as the Government are aware there is no inconvenience in the building owing to want of sufficient light and air at present.

(*b*) Arrangements will be made to electrify it.

ആശുപത്രിസ്ഥാപനം

*നമ്പർ. (൪൯) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പുത്തൻ ചിറയിൽ വാഗ്ദാനം ചെയ്തിരുന്ന ആശുപത്രി എപ്പോൾ സ്ഥാപിക്കുമെന്നു പറയുമോ?

(ബി) പ്രസ്തുത ആശുപത്രി സംബന്ധിച്ചു ഗവൺമെണ്ടു് നാട്ടുകാരോടു് സംഭാവന വാങ്ങിയ തുക എത്ര?

(സി) അതു് സ്വീകരിച്ചിട്ടു് എത്ര കാലമായി?

ധനകാര്യവും റവന്യൂവും മന്ത്രി (ശ്രീ. എ. ജെ. ജോൺ) : കഴിയുന്നതും ഫൻ്റ് ഫർസ്ഥാപിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

(ബി യും, സി യും) ഇതിനു് സംഭാവനയായി വാങ്ങിയിരിക്കുന്നതു് ൫ ൦,൦൦൦ രൂപാ മാത്രമെയുള്ളു. എസ്റ്റിമെയിറനുസരിച്ചു ൫ ൮,൦൦൦ രൂപാ ആവശ്യമുണ്ടു്. ഈ ൫,൦൦൦ രൂപാ സ്വീകരിച്ചിട്ടു് മൂന്നരകൊല്ലമായി.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : ബാക്കി തുക കൂടി സംഭാവന ചെയ്യാൻ കെൽപ്പുള്ള ആളുകൾ അവിടെ ഇല്ലേ?

LIBRARY ARCHIVES Kerala Legislative Assembly